"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിറ്റൂർ തത്തമംഗലം മാസ്റ്റർപ്ലാനിന്മേൽ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(4) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.215/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/09/2021

---

പരാമർശം:-
1. 26/02/2021 ലെ സ.ഉ.(കൈ)നം.79/2021/തസ്വഭവ.
2. ചിറ്റൂർ തത്തമംഗലം നഗരസഭ കൗൺസിലിന്റെ 30/07/2021 ലെ 25-ാം നമ്പർ തീരുമാനം.
3. ചിറ്റൂർ തത്തമംഗലം നഗരസഭ സെക്രട്ടറിയുടെ 02/08/2021 ലെ ഇ2-8554/18 നമ്പർ കത്ത്.
4. മുഖ്യനഗരാസൂത്രകന്റെ 24/08/2021 ലെ ടിസിപിസിടിപി/1759/2020-എഫ്2 നമ്പർ കത്ത്.

**ഉത്തരവ്**

ചിറ്റൂർ തത്തമംഗലം നഗരസഭ പ്രദേശത്തിനായി തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് പരാമർശ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

(2) പ്രസ്തുത ഉത്തരവ് മാർച്ച് ആദ്യവാരമാണ് നഗരസഭയിൽ ലഭിച്ചതെന്നും കേരള നിയമസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിലും പുതിയ ഭരണസമിതി നഗരസഭയിൽ അധികാരമേറ്റ സാഹചര്യത്തിലും കോവിഡ് 19 നെ തുടർന്നുള്ള ലോക്ക് ഡൗൺ, ട്രിപ്പിൾ ലോക്ക് ഡൗൺ വിഭാഗത്തിൽ നഗരസഭ ഉൾപ്പെട്ട സാഹചര്യത്തിലും ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ മാസ്റ്റർപ്ലാനിന്റെ കരട് പ്രസിദ്ധീകരിക്കുവാൻ നഗരസഭയ്ക്ക് കഴിയാത്ത സാഹചര്യത്തിൽ, കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കാനുള്ള സമയം കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 ന്റെ വകുപ്പ് 36(11) പ്രകാരം, 26/04/2021 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകണമെന്ന്, ചിറ്റൂർ തത്തമംഗലം നഗരസഭ കൗൺസിലിന്റെ പരാമർശം (2) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം നഗരസഭ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

(3) 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(11) പ്രകാരം, മുഖ്യനഗരാസൂത്രകന്റെ ശിപാർശയോടു കൂടി, ആക്റ്റിലെ 36(3) മുതൽ 36(8) വരെയുള്ളതിൽ പരാമർശിക്കുന്ന സമയപരിധി 6 ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവ് വരെ ദീർഘിപ്പിച്ചു നൽകുന്നതിന് സർക്കാരിന് അധികാരമുണ്ട്.

(4) നഗരസഭ സെക്രട്ടറിയുടെ പരാമർശം (3) അപേക്ഷ പ്രകാരം കരട് ചിറ്റൂർ തത്തമംഗലം മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 26/10/2021 വരെ ദീർഘിപ്പിച്ചു നൽകുവാൻ പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കരട് ചിറ്റൂർ തത്തമംഗലം മാസ്റ്റർപ്ലാനിന്മേൽ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(4) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ആക്റ്റിന്റെ വകുപ്പ് 36(11) പ്രകാരം 26/10/2021 വരെ ദീർഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, പാലക്കാട്
3. സെക്രട്ടറി, ചിറ്റൂർ തത്തമംഗലം നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sindhu.p.g.
Date: 26-09-2021 17:55:10
Reason: Approved
സെക്ഷൻ ഓഫീസർ